# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-26

## ജി എൽ പി എസ് നീലേശ്വരം

**ആമുഖം:** ഓരോ കുട്ടിയെയും ഒരു പരിഗണിച്ചു കൊണ്ടുള്ള വിദ്യാഭ്യാസ പ്രവർത്തനങ്ങളാണ് അക്കാദമിക മികവ് സമഗ്രമാക്കുന്നത്. ഈ ആശയത്തിലാണ് സമഗ്ര വിദ്യാഭ്യാസ ഗുണമേന്മ പദ്ധതി നിലവിൽ വന്നിരിക്കുന്നത്.കുട്ടികളിലെ അക്കാദമിക മികവും ഗുണനിലവാരവും കൂടുതൽ മെച്ചപ്പെടുത്താനായി ആരംഭിച്ച സമഗ്ര വിദ്യാഭ്യാസ ഗുണമേന്മ പദ്ധതിയുടെ തുടർച്ചയെന്നോളം വിവിധങ്ങളായ പ്രവർത്തനങ്ങൾ സ്കൂളിൽ നടന്നു വരികയാണ്. സ്കൂളിലെ ഓരോ കുട്ടിയും കൈവരിക്കേണ്ട ശേഷികൾ ആർജ്ജിക്കാൻ അക്കാദമിക വിഭവ വിനിയോഗം,സാങ്കേതികവിദ്യയുടെ ഉപയോഗം,വിദ്യാലയ അക്കാദമികാ സൂത്രണം കുട്ടികൾക്ക് ലഭിക്കുന്ന സവിശേഷ അവസരങ്ങൾ എന്നിവ വിവരിക്കുന്ന അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

**വിദ്യാലയ ചരിത്രം:**

ഗവൺമെൻറ് എൽ. പി .സ്കൂൾ, നീലേശ്വരം

2014ൽ ശതോത്തര രജതജൂബിലി ആഘോഷിച്ച വിദ്യാലയമാണ് നീലേശ്വരം ഗവ. എൽ പി സ്കൂൾ. പഴയ ദക്ഷിണ കർണാടകയിൽപ്പെട്ട നീലേശ്വരത്തെ ഓട്ടു കമ്പനിയിലെ തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസം നൽകുകയെന്ന മുഖ്യലക്ഷ്യത്തോടെ ബാസൽമിഷൻ 1 .6.1988 ൽ ഈ സ്ഥാപനം തുടങ്ങി. ഒരു ഓലക്കെട്ടിടത്തിൽ ഹിന്ദുസ്കൂൾ എന്ന പേരിലാരംഭിച്ച ഈ വിദ്യാലയത്തിൽ തൊട്ടടുത്ത പ്രദേശത്തെ ആരംഭിച്ച മാപ്പിളസ്കൂൾ ലയിപ്പിക്കുകയുണ്ടായി. അന്ന് ജനങ്ങൾ ഈ സ്ഥാപനത്തെ പെണ്ണുങ്ങളുടെ സ്കൂൾ എന്ന് വിളിക്കുമായിരുന്നു. 1915 വരെ ബാസൽ മിഷൻ പ്രവർത്തകയായിരുന്ന മിസ്സിസ്സ് എം.ആറോൺ സ്ഥാപനമേധാവിയായി തുടർന്നു. പഴയ ഓലമേഞ്ഞ കെട്ടിടത്തിൽ തുടർന്നു വന്ന സ്കൂൾ 1935 ൽ ഉണ്ടായ അഗ്നി ബാധയെ തുടർന്നു ഇന്നത്തെ പഴയ കെട്ടിടത്തിന്റെ നിർമാണത്തിന് വഴിയൊരുക്കി. 2009-10 വർഷത്തിൽ കേവലം 48കുട്ടികൾ ഉണ്ടായിരുന്ന ഈ സ്കൂളിൽ ഇന്ന് എൽ കെ ജി,യു കെ ജി യിൽ91 ഉം എൽ പിയിൽ175ഉം കൂടി ആകെ 266 വിദ്യാർഥികളുണ്ട്.ഇതിൽ പ്രൈമറിയിൽ 89 ആൺകുട്ടികളും 86

പെൺകുട്ടികളും ,പ്രീപ്രൈമറിയിൽ 49 ആൺകുട്ടികളും 42 പെൺകുട്ടികളും ,ഉണ്ട്. ആകെ 138 ആൺകുട്ടികളും 128പെൺകുട്ടികളുംഉണ്ട്..

സ്കൂളിൽ1305 പുസ്തകങ്ങളുള്ള നല്ലൊരു ലൈബ്രറിയുണ്ട്.

സ്ഥലപരിമിതിയിലും ഹരിതക്ളബ്ബിൻെറ നേതൃത്വത്തിൽ പച്ചക്കറിക്കൃഷിയും ചെയ്തുവരുന്ന ആരോഗ്യം, വിദ്യാരംഗം ക്ലബ്ബുകളും സജ്ജീവമാണ്.ഭാഷയിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർഥികൾക്ക് ഒഴിവുസമയങ്ങളിൽ പ്രത്യേക പരിശീലനം നൽകുന്നു. കലാകായിക,പ്രവൃത്തിപരിചയ വിഷയങ്ങളിൽകുട്ടികൾക്ക് ആവശ്യമായപരിശീലനം നൽകുന്നു.ആഴ്ച തോറും പത്രക്വിസും, ദിനാഘോഷങ്ങളുമായി ബന്ധപ്പെട്ട ക്വിസ് മത്സരങ്ങളും നടത്താറുണ്ട്. മുഴുവൻവിദ്യാർഥികളും പങ്കെടുക്കുന്ന സ്കൂൾ വാർഷികം, രക്ഷിതാക്കളും കുട്ടികളും പങ്കെടുക്കുന്ന പഠനയാത്ര, എടുത്തുപറയേണ്ടതാണ്. സ്കൂൾ പ്രവർത്തനങ്ങൾക്ക് PTA, MPTA, SMC, വികസനസമിതി എന്നിവയുടെ സഹകരണം നിസീമമാണ്. നീലേശ്വരം രാജാറോഡിൽ ഗാന്ധിസ്മൃതിമൺഡപത്തിനടുത്ത് ഹോമിയോ ആശുപത്രിക്ക് തൊട്ടടുത്താണ് വിദ്യാലയം

<u>അടിസ്ഥാന വിവരങ്ങൾ</u>

വിദ്യാലയത്തിന്റെ പേര് : ജി എൽ പി എസ് നീലേശ്വരം

മേൽവിലാസം : പി ഒ നീലേശ്വരം

ഫോൺ നമ്പർ : 9447488607

ഇ-മെയിൽ : 12312glpsnileswar@gmail.com

മുൻസിപ്പാലിറ്റി : നീലേശ്വരം

ഉപജില്ല : ഹോസ്ദുർഗ്

വിദ്യാഭ്യാസ ജില്ല : കാഞ്ഞങ്ങാട്

പ്രഥമ അധ്യാപകൻ : ബിജു പി കെ

എസ്.എം.സി ചെയർമാൻ : എം വി ദീപു

പിടിഎ പ്രസിഡൻറ് : രതീഷ് പി കെ

മദർ പിടിഎ പ്രസിഡണ്ട് : ലേഖ

മുൻസിപ്പൽ കൗൺസിലർ : പി ബിന്ദു

<u>പൊതുലക്ഷ്യങ്ങൾ</u>

- ഓരോ ക്ലാസിലും കുട്ടി പ്രതീക്ഷിത നിലവാരത്തിലുള്ള ശേഷികളും ധാരണകളും നേടിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക.
- എല്ലാ കുട്ടികൾക്കും പഠനത്തിനും വികാസത്തിനും തുല്യ അവസരങ്ങൾ നൽകുക.
- സ്വന്തം കഴിവുകൾ കണ്ടെത്തി അവ ഉയർന്ന തലത്തിലേക്ക് എത്തിക്കുവാനും പരിമിതികളെ മറികടക്കാനും പ്രാപ്തരാക്കുക.
- പരിസ്ഥിതി അവബോധം സാമൂഹിക അവബോധം മാലിന്യനിർമാർജന ബോധം എന്നിവ ഉളവാക്കാൻ ആവശ്യമായ അനുഭവങ്ങൾ പ്രദാനം ചെയ്യുക.
- പരിസര പഠനത്തെ പരിസരബന്ധിയും ജീവിതഗന്ധിയും ആകുവാൻ ആവാസ പരിസ്ഥിതി പരമാവധി പ്രയോജനപ്പെടുത്തുക.
- ഗണിതം മധുരവും ലളിതവും ആക്കുക.
- കുട്ടികളിൽ അറിയുവാനും ചിന്തിക്കുവാനുമുള്ള കഴിവ് വളർത്തുക .
- അധ്വാനത്തിന്റെ മഹത്വം അറിയിക്കുക.
- ദേശീയ ബോധം കുട്ടികളിൽ വളർത്തുക.

<u>പരിമിതികൾ</u>

- ആശയ ഗ്രഹണ വായനയിലും സർഗാത്മക ലേഖനത്തിലും കുട്ടികൾ പിന്നിലാണ്.

- ആശയ ഗ്രഹണത്തിലും അക്ഷരസ്ഫുടതയിലും കുട്ടികൾ പിറകിലാണ്.
- ചിഹ്നങ്ങൾ ഉറക്കാത്ത സ്ഥിതി നിലനിൽക്കുന്നു.
- മലയാള ഭാഷ തെറ്റുകൂടാതെ എഴുതുവാനുള്ള ശേഷി ഉണ്ടാക്കണം
- ക്ലാസിൽ നേടിയെടുക്കേണ്ട ശേഷികൾ എല്ലാം നേടിയെടുക്കുന്നില്ല
- ഓരോ അവസരത്തിലും ആവശ്യമായ ഗണിതക്രിയ തിരിച്ചറിഞ്ഞ് ഗണിത പ്രശ്നങ്ങൾ ചെയ്യാൻ കഴിയുന്നില്ല.
- കലാകായിക പ്രവർത്തി പരിചയ വിദ്യാഭ്യാസത്തിന് ആവശ്യമായ പ്രോത്സാഹനവും പരിശീലനവും നൽകാൻ കഴിയുന്നില്ല.
- ഇംഗ്ലീഷ് വായന എഴുത്ത് സംസാരം എന്നിവയിൽ കുട്ടികൾ അല്പം പിറകിലാണ്

| ക്രമ നമ്പർ | പ്രവർത്തന ലക്ഷ്യം | പ്രവർത്തന ഘട്ടങ്ങൾ | നിർവഹണ കാലം | ചുമതല |
|---|---|---|---|---|
| 1 | ഭാഷാപരമാ | • ഭാഷാപരമായി | ജൂൺ | അധ്യാപകർ |

| | | | | |
|---|---|---|---|---|
| | യ പിന്നോക്കാവസ്ഥ പരിഹരിക്കൽ | പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം.<br>• പ്രീ ടെസ്റ്റ്<br>• അവലോകനം<br>• വിവിധ നിലവാരക്കാരെ കണ്ടെത്തൽ<br>• മലയാളത്തിളക്കം<br>• വായന കാർഡ് നൽകൽ<br>• വായന കാർഡ്നോക്കി നോട്ടുബുക്കിൽ എഴുതൽ. | മുതൽ മാർച്ച് വരെ | SRG |
| 2 | വായനാ ശേഷി വളർത്തൽ/ എഴുത്ത് പരിപോഷിപ്പിക്കൽ | • ക്ലാസ് ലൈബ്രറി ഒരുക്കൽ<br>• ക്ലാസ് വായന കൂട്ടം<br>•<br>• രചനപരിചയ കുറിപ്പുകൾ | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ |

| | | | | |
|---|---|---|---|---|
| | | • വായനകുറിപ്പ്<br>• തയ്യാറാക്കൽ<br>.<br>• ആനുകാലിക വായന<br>• റീഡേഴ്സ് തിയേറ്റർ.<br>• ചിത്ര വായന<br>• പദ സൂര്യൻ<br>• ചിത്രംനോക്കിയെഴുതൽ<br>• ചിത്രത്തിലെ കഥാപാത്രങ്ങളുടെ സംഭാഷണം തയ്യാറാക്കൽ<br>• സങ്കൽപ്പിച്ച് എഴുതൽ- പിന്നീട് എന്ത് സംഭവിച്ചു.<br>• കഥയെഴുതൽ. | | |
| 3 | സ്കൂൾ ക്ലാസ് റൂം ലൈബ്രറി | • പിറന്നാളിന് ഒരു പുസ്തകം | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ |

| | | | | |
|---|---|---|---|---|
| | ഒരുക്കൽ | • ലൈബ്രറി നനവീകരണം<br>• ക്ലാസ് റൂം ലൈബ്രറി ഒരുക്കൽ<br>• കുട്ടികൾലൈബ്രേറിയൻമാർ<br>• ക്ലാസ് ലൈബ്രറി രരജിസ്റ്റർ<br>• വായനാനുഭവം പങ്കുവെക്കൽ<br>• അമ്മ വായന | | |
| 4 | സർഗാത്മക കഴിവുകളുടെ ആവിഷ്കാരം | • സ്കൂൾ ആ ആകാശവാണി -കിളിനാദം<br>• സ്കൂൾ പത്രം നറുമൊഴി<br>• സ്കൂൾ യൂട്യൂബ് ചാനലിലൂടെ പത്രവായന<br>• സ്കൂൾ അസംബ്ലി | ജൂലായ് മുതൽ മാർച്ച് വരെ | SRG |

| | | | | |
|---|---|---|---|---|
| | | • ബാലസഭ<br>• രചനോത്സവം<br>• സാഹിത്യ ശില്പശാല<br>• ഓരോ കുട്ടിക്കും രചന ബുക്ക്<br>• സാഹിത്യകാരന്മാരുടെ ചിത്രങ്ങൾ - ആർട്ട് ഗഗ്യാലറി<br>• സർഗാത്മക ചുമര് | | |
| | | ഗണിതം | | |
| 1 | കളികളും നിർമ്മാണ | • ജാമിതീയ രൂപങ്ങളുടെ നിർമ്മാണം -ഏകദിന | | |

| | | | | |
|---|---|---|---|---|
| | പ്രവർത്തന ങ്ങളും ഉൾപ്പെടു ത്തി ഗണിതം ലളിതമാക്ക ൽ | ക്യാമ്പ്<br><br>• ഗണിത ക്യാമ്പ് -ഗണിത പ്രവർത്തനങ്ങൾ കളിയിലൂടെ<br><br>• ഒരു ദിനം ഒരു ചോദ്യം - പസിൽ പരിചയപ്പെടൽ | | |
| 2 | ജാമിതീയ സൗന്ദര്യം തിരിച്ചറിയ ൽ | • ഒറിഗാമി -ശില്പശാല<br><br>• ഗണിതം രസകരമായി പഠിക്കാൻ നിർമ്മാണ പ്രവർത്തനങ്ങളുടെ ആസൂത്രണവും ഒറിഗാമി ടാൻഗ്രാം രൂപങ്ങളുടെ നിർമ്മാണവും പ്രദർശനവും . | | |
| 3 | ഗണിത പഠനം രസകരമാക്ക ൽ സ ചതുഷ്ക്രിയകൾ എളുപ്പമാക്കാ ൽ | • വിവിധതരം ഗണിത കളികൾ ആസൂത്രണം ചെയ്യൽ<br><br>• മൂല്യനിർണയം- ഏണിയും പാമ്പും<br><br>• ഡയസ് കളി-സങ്കലനം വ്യവകലനം | | |

| | | | | |
|---|---|---|---|---|
| | | • കച്ചവടക്കളി<br>• ആരോഹണ അവരോഹണം<br>• സംഖ്യാ സൂര്യൻ<br>• ക്ലാസിൽ ഒരു കട | | |
| 4 | ഗണിതത്തിൽ താൽപര്യം, | • ക്ലാസ്സിൽ ഒരു ഗണിത ലാബ്<br>• ഗണിത ശാസ്ത്രജ്ഞന്മാരെ പരിചയപ്പെടുത്തൽ<br>• ഐടി മാത്സ്- ജിയോജിബ്ര പരിചയപ്പെടുത്തൽ<br>• ഗണിത ക്വിസ്<br>• ഗണിത മാഗസിൻ<br>• ഗണിത ഫെസ്റ്റ് | | |
| **ENGLISH** | | | | |

| | | | | |
|---|---|---|---|---|
| 1 | To speak read and write English without any mistakes | **Listening skill**<br>● Hello English activities<br><br>● E-cube activities<br><br>● Games<br><br>● action songs<br><br>● Cartoon shows<br><br>**Speaking**<br><br>● Picture reading<br><br>● Identify the naming words<br><br>● Action words<br><br>● Make a simple sentences<br><br>● Description<br><br>● self introduction | | |

| | | | | |
|---|---|---|---|---|
| | | • Talking friends<br><br>• Engage in conversation with the friends with the given situation<br><br>• English Assembly<br><br>**<u>Reading</u>**<br><br>• Diary to Reading cards<br><br>• Story book reading<br><br>• Breaking news reading<br><br>• School Radio<br><br>**<u>Writing</u>** | | |
| | Creativity | • Story book making<br><br>• Arrange pictures and make a story. | | |

| | | | | |
|---|---|---|---|---|
| | | ● Arrange pictures and match sentences<br><br>● Pictures and a gist of story -complete the story.<br><br>● Diary writing from routine to daily<br>● experience<br><br>● Notice making -school special programmes<br><br>● Announcement-related to school<br>● programmes<br><br>● Riddles<br><br>● Thoughts<br><br>**Performance**<br>● Perform the lessons in various forms of discourses. | | |

| | | | | |
|---|---|---|---|---|
| | | • Publish a magazine featuring children's writings.<br>• English Assembly.<br>• English Fest<br>• Day ccelebration<br>• Speech competition | | |
| പരിസര പഠനം | | | | |
| ക്രമ നമ്പർ | പ്രവർത്തന ലക്ഷ്യം | പ്രവർത്തന ഘട്ടങ്ങൾ | നിർവഹണ കാലം | ചുമതല |
| 1 | നിരീക്ഷണം അറിവ് നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കാൻ | ആവശ്യാനുസരണം | എച്ച് എം സി പി ടി എ |
| 2 | ശാസ്ത്ര മൂല ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | • ശാസ്ത്ര പഠനത്തിന് ആവശ്യമായ സാമഗ്രികൾ ഒരുക്കൽ<br>• പരീക്ഷണങ്ങൾ സസംഘടിപ്പിക്കുന്ന | ജ്ജൂൺ-മാർച്ച് | ക്ലാസ് ടീച്ചർ എസ് ആർ ജി |

| | | | | |
|---|---|---|---|---|
| | | • ശാസ്ത്ര പഠന ക്യാമ്പ് | | |
| 3 | ശാസ്ത്ര യാത്ര- ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ അന്വേഷണ ത്വര വളർത്തൽ | • വാന നിരീക്ഷണ കേന്ദ്രം<br>• സയൻസ് പാർക്ക്<br>• മെഡിക്കൽ പ്രദർശനങ്ങൾ<br>• ഫോക് ലോർ അക്കാദമി എന്നിവ സന്ദർശിക്കൽ | പാഠഭാഗം സന്ദർഭ അനുസരണം | ക്ലാസ് ടീച്ചർ<br><br>എച്ച്എം<br><br>എസ്ആർ ജി |
| 4 | ഭൂപടമൊരു ക്കാം- കേരളം ഇന്ത്യ ഭൂപട വായന -സൂചിക പരിചയപ്പെടൽ | • ഭൂപട വായന<br>• ഭൂപടരചന<br>• ഭൂപട ജിഗ്സോ തയ്യാറാക്കൽ | | |
| 5 | പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തൽ പ്രകൃതി നടത്തം | • പ്രകൃതി നടത്തം<br>• ജീവജാലങ്ങളെ നിരീക്ഷിക്കൽ<br>• ആവാസ വ്യവസ്ഥകളെ അഅടുത്തറിയൽ | ജൂൺ-ഒക്ടോബർ | അധ്യാപകർ<br><br>എസ് ആർ ജി |

| | | | | |
|---|---|---|---|---|
| | | • ജീവികളുടെ പരസ്പരാശ്രയത്വം തതിരിച്ചറിയൽ<br><br>• ചുറ്റുപാടുമുള്ള മലിനീകരണ പ്രശ്നങ്ങൾ അനുഭവിച്ചറിയൽ<br><br>• സ്വയം തിരുത്തൽ<br><br>• പ്രകൃതിക്ക് ഭീഷണിയാകുന്ന മനുഷ്യൻറെ ഇടപെടലുകൾ മമനസ്സിലാക്കൽ | | |
| 6 | പൂന്തോട്ടം പച്ചക്കറി തോട്ടം | • പൂന്തോട്ടം - പച്ചക്കറിത്തോട്ടം വിപുലീകരണം<br><br>• വീട്ടിൽ ഒരു തോട്ടം | സെപ്തംബർ-ജനുവരി | സി പി ടി എ |
| 7 | പോസ്റ്റർ നിർമ്മാണം | • പ്രകൃതി സംരക്ഷണ പോസ്റ്റർ തയ്യാറാക്കൽ<br><br>• ലഹരി വിരുദ്ധ പോസ്റ്റർ തയ്യാറാക്കൽ | | |

| | | | | |
|---|---|---|---|---|
| | | • പൊതുമുതൽ സംരക്ഷണം<br>• യാത്ര നിയമങ്ങൾ | | |
| 8 | വ്യക്തി ശുചിത്വം പരിസര ശുചിത്വം വും | • ശുചിത്വ ക്ലാസ്<br>• ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ്<br>• റാലി<br>• ഫ്ലാഷ് മോബ് | ജൂലായ്- മാർച്ച് | അധ്യാപകർ |